**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2391** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ഒ.എം.ആർ. പരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും എഴുതി പാസായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ OA-813/2023, OA (EKM) 738/2022, OA-1866/2022 എന്നീ കേസുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. ബൈട്രാൻസ്ഫർ നിയമനത്തിനായുള്ള 4 ഒഴിവുകൾ നിലവിൽ ബഹു.ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പ്രകാരം നിയമനം നൽകാതെ മാറ്റി വച്ചിട്ടുണ്ട്. ഇതല്ലാതെ വകുപ്പിൽ ടി തസ്തികയിലേക്ക് ബൈട്രാൻസ്ഫർ പ്രകാരം നികത്തപ്പെടാത്ത ഒഴിവുകൾ നിലവിൽ ഇല്ല. |
| (ബി) | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തും ശുദ്ധീകരണ പത്രത്തിന്റെ അടിസ്ഥാനത്തിലും നിയമനം നടത്തി ലിസ്റ്റിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കാമോ; | (ബി) | സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | സ്പെഷ്യൽ റൂളിലെ അപാകത കാരണം നിലവിൽ പ്രമോഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം റൂൾ ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ